## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 358** **27.09.2016- ൽ മറുപടിക്ക്**

## "സർക്കാരിന്റെ വ്യവസായ നയം"

**ചോദ്യം**

**ശ്രീ. ഇ.കെ.വിജയൻ**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ. ആർ. രാമചന്ദ്രൻ**
**ശ്രീ. വി.ആർ. സുനിൽ കുമാർ**

**ഉത്തരം**

**ശ്രീ. ഇ.പി. ജയരാജൻ**
(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | വ്യവസായം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കത്തക്ക തരത്തിൽ വ്യവസായ നയം പരിഷ്കരിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ; | എ), ബി) & സി) | വ്യവസായ, കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിൽ നിലവിലുള്ള വ്യവസായ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം നടപ്പിലാക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ വകുപ്പ് തലവൻമാരോട് ആവശ്യപ്പെടുകയും ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്.<br><br>ലോകബാങ്ക് നിർദ്ദേശപ്രകാരമുള്ള Ease of Doing Business Initiative –ന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടന്നു വരികയാണ്. പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസർ ആയി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്ക |
| ബി) | വ്യവസായം തുടങ്ങുന്നതിനുള്ള അപേക്ഷകൾ ഓരോ ഘട്ടവും പിന്നിടുന്നതിന് കൃത്യമായ സമയപരിധി നിശ്ചയിക്കുമോ; വ്യക്തമാക്കുമോ; | | |
| സി) | വ്യവസായ അനുമതിക്കായി ഇപ്പോഴുള്ള ഏകജാലക സംവിധാനം കൂടുതൽ കാര്യക്ഷമവും, സുതാര്യവു മാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ന്നതിനും നവീകരിക്കുന്നതിനും ആവശ്യമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ KPMG എന്ന സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് ഏകജാലക സംവിധാനം കൂടുതൽ ഫലപ്രദമായി നടപ്പിൽ വരുത്താൻ സാധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**